

# ഇമ

സെന്റ്.അഗസ്റ്റിൻസ്
ഹൈസ്ക്കൂൾ കലൂർ

വിവര സാങ്കേതിക വിദ്യ അനുദിനം പുരോഗമിക്കുമ്പോൾ കാലത്തിനൊത്ത് ചിന്തിക്കുന്ന ഒരു കൂട്ടം വിദ്യാർത്ഥികളുടെ ഭാവനാസൃഷ്ടികളെ അക്ഷര കൂട്ടുകളാക്കുകയാണ് ഇമ എന്ന ഡിജിറ്റൽ മാഗസിൻ. കൊച്ചു കൊച്ചു കവിതകളും, കഥകളും,'ഇമ'യെ ജീവസ്സുറ്റതാക്കുന്നു. സ്നേഹനിധികളായ കൂട്ടുകാരുടെ സൃഷ്ടികളെ നെഞ്ചിലേറ്റുക. ഈ പ്രയത്നത്തിന് കരുത്തേകിയവരെയും സൃഷ്ടികൾ നൽകിയവരെയും, ഇതിനു പിന്നിൽ ആത്മാർത്ഥമായി പ്രയത്നിച്ചവരെയും നന്ദിയോടെ സ്മരിച്ചു കൊണ്ട് ഇമ നിങ്ങളുടെ മുൻപിൽ സമർ പ്പിക്കുന്നു.

സ്നേഹപൂർവ്വം

ചീഫ് എഡിറ്റർ

മുഹമ്മദ് ബാസിത്ത് .സി.എച്ച്

# എഡിറ്റോറിയൽ ബോർഡ്

മുഹമ്മദ് ബാസിത്ത്  സി. എച്ച്

വിശ്വേശ് വി. എസ്

ജേക്കബ് കോളിൻ

മുഹമ്മദ് സിനാൻ എൻ

# ഒപ്പം നിന്നവർ

ശ്രീ. ബിജു . കെ . സൈമൺ

ശ്രീമതി മരിയ വിതയത്തിൽ

ശ്രീമതി ആൽഫി ജോർജ്

എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളും

# താളുകളിലൂടെ : -


1 അതിജീവനം

2 എന്നനജത്തി

3 എന്റെ നാട്

4 മരം ഒരു വരം

5 മഴ

6 നിങ്ങളെൻ ലോകത്തെ എന്തു ചെയ്തു

7 പൊൻപുലരി

8 ഞാനും എന്റെ മണ്ണും

9 മഴച്ചൊല്ലുകൾ

10 നമ്മുടെ ആരോഗ്യത്തിന്റെ ഉറവിടം
11 ചില നേരം
12 ഒരു വിളിപ്പാടകലെയാണല്ലോ സത്യം
13 എൻ ജീവിതം എൻ വിദ്യാലയം
14 വിദ്യാഭ്യാസത്തിൽ വാർത്താമാദ്ധ്യമങ്ങളുടെ പങ്ക്
15 വർണ്ണക്കാഴ്ചകൾ
16 സ്നേഹം
17 സ്വാതന്ത്ര്യം
18 സ്വപ്നത്താൽ തീർത്ത തണൽ
19 വിളിക്കാതെ വന്ന അതിഥികൾ
20 MY MOM
21 MY FAVORITE FESTIVAL
22 SAVE TREE SAVE LIFE
23 WINTER
24 JOKES
25 JESUS
26 MY BEST EXPERIENCE
27 FLOOD
28 FAR AWAY
29 DAY IN PARK
30 BOOK, BROWNIES, SNOW, MOTHER, FLOWER

# അതിജീവനം

മഴതൻ രൗദ്രഭാവം പൂണ്ടു
മലയാളി തൻ മനം ഭീതി പൂണ്ടു
മഴ അങ്ങ് ക്ഷോഭിച്ച് ആർത്തുപെയ്തു
മലയാളി തൻ കിനാവുകളെല്ലാം
കനവുകളിൽ കാണും കൈരളിയും
ഒരു നിശയിൽ അകന്നു പോയി
കേരളീയരേവരും ശക്തരായി
മാലോകരേവരും വന്നു ചേർന്നു



കരുതലിൻ കയ്യ് അവർ നീട്ടി നൽകി
വന്നുദിച്ചു മലയാളി വീണ്ടും
കരുതലും സ്നേഹവും ഒത്തു ചേർന്നു
എല്ലാവരും കൈകോർത്തു രക്ഷയ്ക്കായി
ഇത് എന്റെ സ്നേഹനാട്
മലയാള നാട്

- ഷേയ്ക്ക് അമാൻ

# എന്നനുജത്തി



ഞാൻ കാത്തിരുന്ന
കിട്ടിയ എന്നനുജത്തി
ആദ്യമായ് കണ്ടു ഞാൻ
എന്നനിയത്തിക്കുട്ടിയെ
കുഞ്ഞുടുപ്പിട്ട ഒരു പാവക്കുട്ടി
കുഞ്ഞിക്കണ്ണുകൾ തുറന്നെന്നെ നോക്കി
അവളുടെ നെറുകയിൽ ഞാൻ നൽകി
ഏട്ടന്റെ സ്നേഹചുംബനം
മുട്ടിൽനീന്തി എൻ പിന്നാലെ
വരുന്ന എൻ തങ്കക്കുടം
പിച്ചവെച്ചു തുടങ്ങി ഇന്നവൾ
അവൾ വീഴാനൊരുങ്ങുമ്പോൾ
കൈത്താങ്ങായ് ഓടിയെത്തും ഞാൻ
ഓടി ഓടി എൻ പിന്നാലെ

എത്തുന്ന കുറുമ്പിപ്പെണ്ണ്
എന്റെ കളിപ്പാട്ടങ്ങളെല്ലാം
എറിഞ്ഞുടക്കും കള്ളിപ്പെണ്ണ്
എങ്കിലും എൻ ജീവന്റെ ജീവനാണവൾ
എന്നുമുണ്ടാവും ഞാൻ
എന്നനുജത്തിക്ക് കൂട്ടായ്
ഒരു സ്നേഹത്തണലായ്
വാത്സല്യ തലോടലായ്
എൻ സ്നേഹമാണവൾ
എൻ പൊന്നനുജത്തി

-രാകേഷ് കെ.ആർ

# എന്റെ നാട്

എന്റെ നാട് എത്ര മനോഹരം. കായലും തോടും പൂക്കളും പുല്ലുകളും കണ്ണിറുക്കി കാണിക്കുന്ന കൊച്ചു നാട്.... പുലരികളിൽ മഞ്ഞുതുള്ളികൾ തങ്ങി നിൽക്കുന്ന പുല്ലിൻകണങ്ങൾ കണ്ണിൽ വെച്ച് ഞാനെത്ര നിന്നിരിക്കുന്നു. തോട്ടിൻ കരയിൽ ചെന്നൊന്ന് ഒച്ചയുണ്ടാക്കിയാൽ കള്ളനോട്ടവുമായെത്തുന്ന കുഞ്ഞുമീനുകൾ..... കുപ്പിയിൽ അവരെ കൂട്ടുകാരാക്കുമ്പോൾ.....എന്തൊരാനന്ദം.... പറയുവാനേറെയുണ്ട്. പറയുന്നതിനപ്പുറമുണ്ട് എന്റെ കൊച്ചു നാട്.... എന്റെ പൊന്നുനാട്.....

-ജോയൽ ജോയ്

## മരം ഒരു വരം

ഭൂമിയെ കുളിരണിയിക്കുന്നതും

മാനവരാശിയെ

നിലനിർത്തുന്നതും,



സംരക്ഷിക്കുന്നതും മരങ്ങളാണ്.മരം ഒരു വരം . ഒരു മരം നടുമ്പോൾ ഒരു തണൽ നടുന്നു എന്ന ലക്ഷ്യത്തോടെ സെന്റ് അഗസ്റ്റിൻസ് സ്കൂൾ പരിസ്ഥിതി ദിനം  ആചരിക്കുകയുണ്ടായി. ഈ ദിനത്തിൽ ഒന്നാം ക്ലാസ്സിൽ പഠിക്കുമ്പോൾ എനിക്കും ഒരു മരം സമ്മാനമായി കിട്ടി. ഞാനത് എന്റെ മുത്തച്ഛന്റെ വീട്ടിൽ കൊണ്ടു പോയി നട്ടു. ഇന്നത് വളർന്നു വലുതായി .എന്റെ മുത്തച്ഛനും ഞാനും കൂടിയാണ് അതിനെ നോക്കി വളർത്തുന്നത്. ആ മരം ഇലകൾ ചൂടി നിൽക്കുന്നത് കാണുമ്പോൾ ഞാൻ നട്ടതാണല്ലോ എന്നോർത്ത് ഇന്നും എനിക്ക് അഭിമാനം തോന്നുന്നു. ഇതുപോലുള്ള പ്രകൃതി സൗഹൃദ കൂട്ടായ്മകൾ ഇനിയും ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.

-അഫ്നാൻ ഷജിൽ

# മഴ



രാത്രി എന്നെ ജനാലയിൽ വന്ന്
മുട്ടി വിളിക്കുന്നതാരോ
ഇടിയുടെ ഘോരശബ്ദമോ
അതോ മഴയുടെ ഗൃഹാതുരത്വമോ
മുട്ടി വിളിക്കുന്നതാരോ
ഇടിയുടെ ഘോരശബ്ദമോ
അതോ മഴയുടെ ഗൃഹാതുരത്വമോ
കാറ്റിനോടൊപ്പം നീ വന്നിടുമ്പോൾ
കോരിത്തരിച്ചു ഞാൻ നിന്നിടുന്നു
മിന്നലിനോടൊപ്പം നീ വരുമ്പോൾ
പേടിച്ചു പേടിച്ചു ഞാനൊളിക്കും
വഴിയാത്രക്കാർക്ക് നീ ശാപമാണോ
അതോ വേനലാണോ അവർക്ക് ശാപം
ഞങ്ങൾക്ക് ദാഹജലം തന്ന്
പുഴകൾ നിറയ്ക്കുന്ന പുണ്യമല്ലേ
തീവ്രാനുരാഗത്തിന്റെ അടയാളമോ നീ
അതോ തീരാ വേർപാടിന്റെ നൊമ്പരമോ
വേനൽ ചൂടിൽ ചുട്ടുപൊള്ളുന്ന
ഭൂമിയിൽ തണുപ്പിന്റെ പ്രിയ തോഴാ

നീ വന്നെത്തുകയില്ലേ !

-ഏബൽ സജി

# നിങ്ങളെൻ ലോകത്തെയെന്തു ചെയ്തു

ഒരു തള്ളക്കിളിയരുമക്കുഞ്ഞങ്ങൾ-

ക്കിരയുമായിതാ തിടുക്കത്തിൽ പറ-

ന്നണയുന്നു പെട്ടെന്നവൾ നടുങ്ങുന്നു!

പിടയുന്നു! ചുറ്റിപ്പറന്നുഴലുന്നു!

അവളുടെ വിളി മനുഷ്യഭാഷയിൽ

ഇതായിരിക്കാമെന്നെനിക്കു തോന്നുന്നു

നിങ്ങളെൻ ലോകത്തെയെന്തു ചെയ്തു




-ജേക്കബ് കോളിൻ

# പൊൻപുലരി



കൈകൂടന്ന നിറയെ
കനകമായ
സമ്പന്നമാം
കണിക്കൊന്ന പൂവിൻ
കുലയുമായ് നീ വന്നു
മുഖം നിറയും പുഞ്ചിരിയും
മഞ്ഞരാശി പൂശിയ മേനിയു
മായി നീ വന്നു നില്ക്കേ
ജാലകവിരിപ്പിൻ പിന്നിലേ
കൊന്നമരത്തിലേക്കു മിഴിയയച്ച
നേരം,നീയുമെന്നെങ്കണവും
ഒരു പോലെൻമിഴിയിൽ.
പുലരികൾ സുന്ദരം

**സ്വപ്നസന്നിഭം**
**വിട പറയും കിനാക്കളും**
**ഘടികാരനിനാദവും**
**ഒരുപകൽക്കൂടി പിറക്കുന്നു.**

**–ജേക്കബ് കോളിൻ**

# ഞാനും എന്റെ മണ്ണും

മണ്ണിൽ കളിക്കുമ്പോൾ എന്തു തോന്നും
അമ്മതൻ മടിയിലാണെന്ന് തോന്നും
തണലിലിരിക്കുമ്പോഴെന്തു തോന്നും
അച്ഛന്റെ  കൂടെയാണെന്ന് തോന്നും
പൂക്കളെക്കാണുമ്പോൾ എന്തു തോന്നും
പൈതലിൻ പുഞ്ചിരിയെന്ന് തോന്നും
പുഴയിൽ കളിക്കുമ്പോൾ എന്തു തോന്നും
തോഴനെൻ കൂടെയുണ്ടെന്ന് തോന്നും
വയലുകൾ കാണുമ്പോഴെന്തു തോന്നും

നാടിന്റെ അന്നമാണെന്ന് തോന്നും
മഴയിൽ കളിക്കുമ്പോഴെന്ത തോന്നും
ചേച്ചിതൻ വാത്സല്യമെന്നു തോന്നും



-അർഷദ് ഷാജി

## മഴച്ചൊല്ലുകൾ

ചിങ്ങത്തിലെ മഴ ചിണുങ്ങി ചിണുങ്ങി
തിരുവാതിരയ്ക്ക് തിരിമുറിയാതെ
കുംഭത്തിൽ മഴ പെയ്താൽ കുപ്പയിലും മാണിക്യം
മകരത്തിൽ മഴ പെയ്താൽ
മലയാളം മുടിയും



മഴയെന്ന് കേട്ടാൽ മാട് പേടിക്കുമോ?
മീനത്തിൽ മഴ പെയ്താൽ മീനും കൂടി ഇരയില്ല
തുള്ളിക്കൊരു കുടം പേമാരി
ഇടവത്തിൽ മഴ പെയ്താൽ ഇടവഴിതോറും വെള്ളം
മഴയൊന്നു പെയ്താൽ മരമേഴു പെയ്യും
ചിങ്ങത്തിലെ മഴ ചിരിച്ചും കരഞ്ഞും.

-വിശ്വേശ് വി ഷേണായ്

# നമ്മുടെ ആരോഗ്യത്തിന്റെ ഉറവിടം

ഓരോ മനുഷ്യരുടെയും ജീവിതം അവരവർ താമസിക്കുന്ന ചുറ്റുപാടിനെ ആശ്രയിച്ചിരിക്കുന്നു. വൃത്തിഹീനമായ ഇടങ്ങൾ ഇന്നും നമ്മുടെ നാട്ടിൽ ധാരാളമുണ്ട്. അവിടെ താമസിക്കുന്നവരെ ബോധവൽക്കരണം നൽകി ചുറ്റുപാടുകൾ സംരക്ഷിക്കാൻ പഠിപ്പിക്കാം.

ഗ്രാമങ്ങളിലും പട്ടണങ്ങളിലും താമസിക്കുന്നവരും സ്വന്തം വീടിന്റെ പരിസരം വൃത്തിയായി ഇടാൻ പരിശ്രമിക്കണം. നമുക്കു വേണ്ടാത്ത വസ്തുക്കൾ ചാക്കിൽ കെട്ടി അന്യരുടെ പറമ്പിൽ ഇടുന്ന പ്രവണത ഇനിയും നാം നിർത്തേണ്ടതാണ്. പ്ലാസ്റ്റിക്ക് കത്തിക്കരുത്. പച്ചക്കറിയുടെ അവശിഷ്ടങ്ങളും വേണ്ടാത്ത മത്സ്യമാംസഭാഗങ്ങളും മറ്റും കമ്പോസ്റ്റാക്കി സസ്യങ്ങൾക്ക് വളമായി ഉപയോഗിക്കാം.



എല്ലാവരും ഉള്ള സ്ഥലത്ത് സ്വന്തമായി പച്ചക്കറി ഉണ്ടാക്കാം.പൂന്തോട്ടം ഉണ്ടാക്കാം. മരങ്ങൾ നട്ടു പിടിപ്പിക്കാം. വൃത്തിയുള്ള ചുറ്റുപാടിൽ രോഗാണുക്കൾ പെരുകുകയില്ല. അതിനാൽ വൃത്തിയുള്ള വസ്ത്രം ധരിച്ചാൽ മാത്രം പോരാ,വൃത്തിയുള്ള പരിസരവും സൃഷ്ടിക്കുക.

ഓരോ മനുഷ്യരും സ്വന്തം ആരോഗ്യത്തെ സംരക്ഷിക്കാൻ വേണ്ടി ചുറ്റുപാടിനെയും സംരക്ഷിക്കുക. അങ്ങനെ രോഗങ്ങളില്ലാത്ത,ആരോഗ്യമുള്ള ഒരു ജനതയെ നമുക്ക് വാർത്തെടുക്കാം.

-ശ്യാം തേജസ്സ്

# ചില നേരം

ചില സന്ധ്യകൾ ചോന്നു തുടുക്കാറില്ല......

ചില മുകിൽ മാലകൾ പെയ്യൊഴിയാറില്ല.....

ചില രാത്രികൾ നിലാവ് പൊഴിയ്ക്കാറില്ല....

ചില നേരം കാറ്റിനു

ചന്ദനഗന്ധമല്ല...



ചില മോഹങ്ങൾ

സഫലമാകാറില്ല.....

ചില നിമിഷങ്ങൾ മനസ്സിൽ നിന്നു മായാറില്ല...

ചില സത്യങ്ങൾ ആരും ഓർക്കാറില്ല...

ചില ചോദ്യങ്ങൾക്കു ഉത്തരം കിട്ടാറില്ല.....

-മുഹമ്മദ്ദ് ബാസിത്ത് സി.എച്ച്

## ഒരു വിളിപ്പാടകലെയാണല്ലോ സത്യം

ഈ ഡിജിറ്റൽ യുഗത്തിൽ ഇന്റർനെറ്റും , കമ്പ്യൂട്ടറും വളരെ ഉപകാരപ്രദമാണെങ്കിലും ഇവ ദുരുപയോഗം ചെയ്താൽ അതിന്റെ ഭവിഷ്യത്ത് ഭയാനകമായിരിക്കും എന്ന സത്യം ഒരു



വിളിപ്പാടകലെയാണ്.ഇന്നത്തെ സുഖലോലുപത നിറഞ്ഞ ലോകത്തിൽ നമ്മൾ ഭക്ഷിക്കുന്ന ആഹാര പദാർത്ഥങ്ങൾ വിഷമയമാണെന്ന സത്യം ഒരു വിളിപ്പാടകലെയാണ് . നാം ജീവിക്കുന്ന ദൈവത്തിന്റെ സ്വന്തം നാട്ടിൽ നമ്മൾ കുടിക്കുന്ന വെള്ളവും എന്തിന് വായു പോലും വിഷമയമാണെന്ന സത്യവും ഒരു വിളിപ്പാടകലെയാണ് . നമ്മുടെ മുൻതലമുറകൾ , ഈ ആധുനിക സൗകര്യങ്ങൾ ഒന്നും കൂടാതെ തന്നെ വളരെ ആരോഗ്യത്തോടും കൂടി എങ്ങനെ ജീവിച്ചു എന്ന് നമ്മൾ ചിന്തിക്കേണ്ടതാണ്.

-അലീന ആന്റോ

# എൻ ജീവിതം
# എൻ വിദ്യാലയം

മാറുന്ന കാലത്ത് മാറാതെനിൽക്കുന്ന
സ്നേഹമാം വിദ്യാലയം

ജീവിതപാതയിൽ എന്നും നയിക്കുന്ന
വെളിച്ചമാം വിദ്യാലയം
സ്നേഹിതർ സ്നേഹമായ് എ്ന്നും
വസിക്കുന്ന
സ്വർഗമാം വിദ്യാലയം




എന്നുമെൻ കൂടെ നടന്നു
നയിക്കുന്ന
ഗുരുവുള്ള വിദ്യാലയം

ശിക്ഷകളെന്തെന്നറിയാതെ വളർത്തിയ
എൻ തിരുകുടുംബമാം വിദ്യാലയം

–ജോഷ്വ ജെസ്റ്റിൻ

# വിദ്യാഭ്യാസത്തിൽ വാർത്താമാദ്ധ്യമങ്ങളുടെ പങ്ക്

വിദ്യാധനം സർവ്വധനാൽ പ്രധാനം. വിദ്യാഭ്യാസത്തിന്റെ മൂല്യത്തെ ഗുരുകുല വിദ്യാഭ്യാസ സമ്പ്രദായത്തിലൂടെ ഉയർത്തികാട്ടിയ പഴയ തലമുറയിൽ നിന്നും, ഇന്ന് വിദ്യാഭ്യാസ ക്ലാസ്സ് മുറികളുടെ ചുമരുകൾക്കും അപ്പുറം കംപ്യൂട്ടറിലും ഇന്റർനെറ്റിലും വാർത്ത മാദ്ധ്യമങ്ങളിലും എത്തി നിൽക്കുന്ന ഈ അവസരത്തിൽ വിദ്യാഭ്യാസത്തിൽ വാർത്തമാദ്ധ്യമങ്ങളുടെ പങ്ക് എന്ന വിഷയം ഏറ്റവും അനുയോജ്യമാണ്.



എന്താണ് വാസ്തവത്തിൽ വിദ്യാഭ്യാസം? പ്രായോഗിക തലത്തിൽ ജീവനകലയെ കഥകളിലൂടെയും വരികളിലൂടെയും സ്വായത്തമാക്കുന്ന പ്രക്രിയയാണ് നാം വിദ്യാഭ്യാസം എന്ന് വിളിക്കുന്നത്.വാർത്താമാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിച്ചു വരുന്ന വാർത്തകൾ പലപ്പോഴും നമ്മളുടെ പാഠ്യഭാഗവുമായി ബന്ധമുള്ളവയാണ്.വിദ്യാഭ്യാസത്തിന് അദ്ധ്യാപകരുടെ സഹായം കൂടിയെ തീരൂ എന്നതായിരുന്നു ഇരുപതാം നൂറ്റാണ്ട് വരെ കരുതിപ്പോന്നിരുന്നത്.എന്നാൽ ഇന്ന് ടെലിടീച്ചിങ്ങും ഇന്റർനെറ്റ് ക്ലാസ്സുകളും വ്യാപകമായിരിക്കുന്നു.നാം ചെയ്യുന്ന പ്രോജക്ടുകൾക്കും മറ്റും ഉള്ള വിവരങ്ങൾ നാം ശേഖരിക്കുന്നത് വിവിധ

വെബ്സൈറ്റുകളിൽ നിന്നും മറ്റും ആണ്.പുതിയ കാര്യങ്ങളെക്കുറിച്ച് അറിയുവാനും സംശയങ്ങൾ തീർക്കുവാനും ഇന്ന് വേൾഡ് വൈഡ് വെബ് നമ്മെ സഹായിക്കുന്നു.പഠനത്തിന്റെ പ്രാധാന്യം ക്ലാസ്സ് മുറികളിൽ നിന്നും മാതാപിതാക്കളിൽ നിന്നും അദ്ധ്യാപകരിൽ നിന്നും മാത്രം ഒതുക്കി നിർത്താതെ നമ്മുടെതായ രീതിയിൽ വിവരം തേടുവാനുള്ള ശ്രമം വിദ്യാർത്ഥികളായ നമ്മളിൽ നിന്നും ഉണ്ടാകണം.

**–ഗോപകുമാർ സി.ജി**

# വർണ്ണക്കാഴ്ചകൾ


മഞ്ഞുനിറഞ്ഞ ആ പ്രഭാതം
പച്ചനിറഞ്ഞ ആ വനങ്ങൾ
ഈണമുള്ള പാട്ടുകളുമായി
ആകാശം നിറച്ച് പറവകൾ
എന്തൊരു ഭംഗി !
സൂര്യന്റെ വെളിച്ചത്തിൽ ആ
പുഞ്ചിരിക്കുന്ന പ്രഭാതം
തണുക്കുന്ന കാറ്റിൽ
ഇടം തേടുന്ന ആ പക്ഷികൾ
എന്തൊരു ഭംഗി !



ഒരു കൊട്ട പൂക്കളുമായി
വരുന്ന പോലെ വരുന്ന ആ പ്രഭാതം
മഴയിൽ നിറഞ്ഞ ആ പൂക്കളുടെ
സുഗന്ധം വേറെവിടെ കിട്ടാൻ?
എന്തൊരു ഭംഗി !
കാറ്റടിച്ച് ആടുന്ന ആ മരങ്ങൾ
മഴപെയ്ത് നിറയുന്ന ആ പുഴകൾ
ആ പ്രഭാതത്തിൽ മഴ പെയ്യുന്നത് കാണാൻ
എന്തൊരു ഭംഗി !
കുട പിടിച്ച് വെയിലിൽ നിന്നും മഴയിൽ  നിന്നും
രക്ഷ തേടി നടക്കുന്ന ആ കാഴ്ചകൾ
കാണാൻ എന്തൊരു ഭംഗി
ഇതിൽ കൂടുതൽ സൗകര്യം
ഇനി എവിടെ കിട്ടാൻ ?

**–കണ്ണൻ സുനിൽ**

# സ്നേഹം



സ്നേഹമേ! സ്നേഹമേ
ഭൂമിതൻ അഖിലസാരമേ
കൊതിക്കുന്നു മർത്യർ,നിൻമൃദു

# ഇമ

കര സ്പർശനമേൽക്കുവാൻ
കണ്ടില്ല.....കണ്ടില്ല...... നീയെൻ
ദൃഷ്ടിപഥത്തിലൊരിക്കലും
അറിയാനായ് ഞാനെടുത്തപ്പോഴൊക്കെയും
പിന്നിടതെപ്പോഴെന്നറിയില്ല
അണഞ്ഞു നീയെൻ മുന്നിൽ
ഒരു മന്ദഹാസമായ്, സാന്ത്വനതെന്നലായ്
നിറഞ്ഞു നീയെന്നിൽ രാഗമായ്,താളമായ്
പിന്നെ നീയെപ്പോഴോ എൻ ജീവശ്വാസമായ്
തൊട്ടുണർത്തി നീ നിൻ മൃദുകരങ്ങളാൽ
എന്നിലെ നന്മയെ എന്നിലെ ചെറുകലാകാരനെ
അലിഞ്ഞു ഞാൻ നിന്നിൽ പൂർണ്ണമായ്
ഒടുവിൽ നീ വിടചൊല്ലി പോകയോ ഓമലേ?
എന്നെയി മായയാം സിന്ധുവിൽ
ഏകാംഗിയാക്കി നീ,
മായല്ലേ മറയല്ലേ ശ്വാസമേ നീ -
യെൻ സ്നേഹമേ! സ്നേഹമേ!
ഭ്രമിതൻ അഖിലസാരമേ

**–അനീസ് മുഹമ്മദ്**

# സ്വാതന്ത്ര്യം

സ്വാതന്ത്ര്യം ഒരു ധീരവികാരം
പുലരികളേ പോരു
നിറമേഴും പീലി വിടർത്താൻ
സ്വാതന്ത്ര്യം ഒരു നീലാകാശം



പക്ഷികളേ പോരൂ
പവിഴപ്പൂവിൻ പല്ലവിപാടാൻ
സ്വാതന്ത്ര്യം ഒരു ചൈത്രവികാസം
മനുഷ്യകുലപ്പെരുമകളിൽ
പൂവുകൾ, പുലരികൾ, പുഞ്ചിരികൾ,
പുലരും പൂക്കാലം
പൂവുകളെ പോരൂ
പുലരികളിൽ പുഞ്ചിരി വിടർത്താൻ
പറവകളെ പാടൂ....
ചിറകടിയിൽ ഉണർത്താൻ.........

**–നിഥിയ എ ജെ**

# സ്വപ്നത്താൽ തീർത്ത തണൽ

ഒരിടത്ത് ഒരു ആമിനക്കുട്ടി ഉണ്ടായിരുന്നു. അവളുടെ സ്കൂളിലെ പരിസ്ഥിതി ദിനത്തിൽ എല്ലാവർക്കും ഓരോ വൃക്ഷത്തൈ കിട്ടി. ആമിന കുട്ടിക്ക് കിട്ടിയത് മാവിൻതൈ ആയിരുന്നു. അവൾ അത് വീടിന്റെ അടുത്തുള്ള പ്ലാവിന്റെ ചുവട്ടിൽ കൊണ്ടു പോയി നട്ടു. ദിവസവും വെള്ളവും ഒഴിച്ചു. എന്നിട്ടും അവളുടെ തൈ ഉണങ്ങി പോയി. ആമിന കുട്ടിക്ക് ആകെ സങ്കടമായി. അവളുടെ സങ്കടം കണ്ട് അമ്മ കാര്യം തിരക്കി. അമ്മ ഒരു പുതിയ മാവിൻ തൈ വാങ്ങി. നല്ല സൂര്യ പ്രകാശം കിട്ടുന്നിടത്ത് നട്ട് വെള്ളമൊഴിച്ചു. മാവ് നന്നായി വളർന്നു. അമ്മ പറഞ്ഞപ്പോൾ ആണ് അവൾക്ക് കാര്യങ്ങൾ പിടികിട്ടിയത്. സൂര്യ പ്രകാശം കിട്ടിയാലേ വളരൂ എന്ന്. മാവ് വളർന്നു വലുതായിക്കൊണ്ടിരിക്കുകയാണ്. ഒപ്പം ആമിന കുട്ടിയുടെ സ്വപ്നങ്ങളും. മാവിൻകൊമ്പിൽ ഊഞ്ഞാൽ കെട്ടി ആടുന്നതും, മാമ്പഴം ഉണ്ടാവുന്നതും, ആ മരത്തണലിൽ ഇരിക്കുന്നതും ഒക്കെ...... നമുക്കും സ്വപ്നം കാണണ്ടേ... നടാം നമുക്കും ഒരു കുഞ്ഞു തൈ.......



– **എബിൻ ബിജു**

# MY MOM

She is the one, who cares me,
loves me and
helps me in studies



She is the one,
who protects me
from harm,

She is the one,
who motivates me and guide me

She is my beautiful, charming mother
'MY MOM'.

-JOEL JOY

# My Favourite Festival

My favourite festival is Christmas.Christmas falls on 25th December.Jesus Christ was born on that day.



People decorate their houses with stars, christmas trees, balloons and light. The church is filled with lots of people on that day.

Children celebrate Christmas in their school also. People distribute cakes to each other. Children disguise as a Santaclaus and deliver gifts to each other. Children eagerly wait for this season. We have vaccation for Christmas. Parents give gift  their children.

People wear new clothes on this day and distribute sweets. Everyone make merry during this festival. Christmas lifts our sprints to make us lively.

**-NANDHA GOPAN**

## Save trees! Save life!

Mother nature has always maintained equilibrium for the living organisms to



live in peace and harmony. However ,recent years have seen an increase in ecological imbalance and an increase in the level of environmental pollution. This is due to the thoughtless destruction of trees by human beings. Trees are considered as a natural wealth and which provide oxygen for us. They provide greenery , fruits and vegetables, wood and are a safe heaven to countless birds and animals. Trees provide clean air to breathe and even prevent soil erosion. The consequence of their absence will be disastrous .there will be shortage of rainfall and the rivers will dry up. Understanding  the importance of trees ,various governments and organizations are taken steps to plant more trees. Nowadays however ,a substantial change occur only when each one of us join hands in preserving and protecting our environment. So please join hands and take moral responsibility to save a life.

**DOMINIC   P.A**

# WINTER

The street cars are
like frosted cakes......-
All covered up
With cold snow flakes.

The horses‘ hoofs
Scrunch on the street;
Their eyelashes
Are white with sleet,
And everywhere
The people go-
With faces trickled
By the snow.
- MUHAMMED SINAN



# JOKES

**One man came and asked to the Station Master of railway station.**
**Man:Is it now train to north?**
**Master:No**
**Man:Is it to south?**
**Master:No,Where do you want to go?**
**Man:*I want to cross the railway track.***

**********************

***Ramu:Is the fishes have sweat?***
***Somu:Yes,it is the reason the sea water has salt taste.***

**********************

***One Officer said to clerk***
***"You are suspended for one month."***
***Clerk:But I didn't do anything.***
***Officer:It is the reason for your suspention.***



***************************

***Teacher:What is the name of the first son of SRIRAM?***
***Tintu:Lavan***
***Teacher:Name of second son?***
***Tintu:Twelve***

***-JACOB COLLIN***

# JESUS

When I sing at last
Before the glory of your presence
When I come to you
Out of this world's flights and fails
When I sing to you
My soul's humble adoration
You reach down
And bathe me in your love.
And care for us
And we are in you, my lord.



**-MUHAMMED SALIH**

# MY BEST EXPERIENCE

One of the best experience in my life was watching the live football match in the stadium. This was an amazing and unforgettable experience. Yes it was my favourite team, the 'Kerala Blasters' match against north east United .It was also my first and so far the only match I have been to. Kerala Blasters won the match. It was just like to me. I also




started playing football since the end. I practice every day with my brother and and during the

weekends I also play with my father. I love playing football and aspire to play for my team one day.

**-kannan sunil**

# Flood



A day came,
In our world,
When the graceful rain

turned in to a disaster.
When thousands of people left
homeless , searching for food and water.
The time, when the people of
Kerala showed – Unity!!!

**-GOPAKUMAR C.G**

# Far away

Far away, I went to the mountain
To look the sun waving good bye.
Far away ,I went to the valley
To feel the water touching my feet
far away ,I went to the forest
To find fresh air and berries to eat
Far away , I went to a place
When somebody tried to catch me
I locked myself up in a room



Then I heard a voice saying
Wake up my child, wake up
I was surprised to see that
I was no more far
But just in my bed

-BASMAL P.S

# DAY IN A PARK

Last week , I went to a park with my family. That place was filled with trees , laughter and joy. There were many rides

such as see-saw ,slide , merry go round and swing. It was really fun to explore a place like that. So even I joined the fun. I slid down the slide...whooo... I swung on swing...swish.....I went round and around on the merry go round...go..go..go.. I went up and down on the see – saw...tay...tay...tay... I met several friends in the park. All were running around and playing. I saw many beautiful butterflies and insects. All the parents were sitting on the bench and enjoying while the kids were playing. There were many birds singing . I am very lucky that the park is near my house. I just loved going to the park.

**- SINAN N**

## Book



Bound together with me
Oh!You made me a bookworm
Oh!I made you my best friend
Keep my mind in another world.

## Brownies

Brownies oh brownies!
Rich smell comes along.
Oh I jump with joy!
When my mother is baking
Nice and hot brownies,
I ask more
Even if my tummy is full
Such lovely brownies!
I love them all!

## SNOW

Season's best gift to kids
Nice to feel the cold
Only comes once in a year
Winter is my favourite!

## MOTHER

Magnanimous always
Offers me advice
Teaches me endless things
Harmonizes my life
Encourages me always
Remembers me in her prayers.

## FLOWERS



Flowers are beautiful
Lovely and sweet
Often I pluck them

When I see them in my garden
Even I love to smell them
Refreshing smell it has
So much I love them!

**-MUHAMMED BASITH C.H**

# THANK YOU